**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1203** **04-07-2022 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ ബൈപ്പാസ് നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | നിലമ്പൂർ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; ഭരണാനുമതി ഉത്തരവുകൾ, അനുവദിച്ച തുക, വർഷം, കരാറുകാരുടെ വിവരങ്ങൾ, ചെലവഴിച്ച തുക, ചെലവഴിച്ച ഇനം, നിർമ്മാണത്തിലെ തടസ്സങ്ങൾ, അവലോകനയോഗങ്ങളുടെ വിവരങ്ങൾ തുടങ്ങിയ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | സംസ്ഥാനപാത 28 കോഴിക്കോട്-നിലമ്പൂർ-ഗൂഡല്ലൂർ പാതയിൽ ജ്യോതിപ്പടിയിൽ നിന്ന് (കി.മീ 71/400) ആരംഭിച്ച് ഇതേ റോഡിലെ വെളിയംതോട് (കി.മീ.75/200)ൽ അവസാനിക്കുന്ന തരത്തിൽ വിഭാവനം ചെയ്ത ബൈപ്പാസ് രണ്ട് ഘട്ടങ്ങളിലായാണ് നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.<br><br>ആദ്യഘട്ടമായി കെ.എൻജി. റോഡിലെ ജ്യോതിപ്പടി മുതൽ എസ്.എച്ച് 39 പെരുമ്പിലാവ്-പട്ടാമ്പി-പെരിന്തൽമണ്ണ-നിലമ്പൂർ റോഡിലെ മുക്കട്ടയിൽ അവസാനിക്കുന്ന ബൈപ്പാസിന് 4.387 കി.മീ. ദൈർഘ്യവും രണ്ടാം ഘട്ടമായി എസ്.എച്ച് 39 പെരുമ്പിലാവ്-പട്ടാമ്പി-പെരിന്തൽമണ്ണ-നിലമ്പൂർ റോഡിലെ മുക്കട്ടയിൽ നിന്ന് ആരംഭിക്കുന്ന ബൈപ്പാസ് എസ്.എച്ച് 28 കെ.എൻ.ജി. റോഡിൽ വെളിയംതോട് അവസാനിക്കുന്നതും 1.613 കി.മീ. ദൈർഘ്യമുള്ളതുമാണ്.<br><br>ബൈപ്പാസിന്റെ ഒന്നാം ഘട്ടത്തിനായി 10.09.2013 ലെ സർക്കാർ ഉത്തരവ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് 14 കോടി രൂപയും റോഡ് നിർമ്മാണത്തിന് 21 കോടി രൂപയും അടക്കം 35 കോടി രൂപക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 05.02.2014 ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ (കെ.എസ്.സി.സി) ചുമതലപ്പെടുത്തുകയും കോഴിക്കോട് നോർത്ത് സർക്കിൾ നിരത്തുകൾ & പാലങ്ങൾ വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർ 20.02.2014 ൽ കരാർ ഉടമ്പടി വെക്കുകയും ചെയ്തു.<br><br>പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഭരണാനുമതി ഉത്തരവുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.<br><br>**ചിലവഴിച്ച തുക, ചിലവഴിച്ച ഇനം** |

| | | | |
|---|---|---|---|
| | | | ഭൂമി ഏറ്റെടുക്കുന്നതിന് അനുവദിച്ച 35.20 കോടി രൂപ ഭൂമി ഏറ്റെടുക്കുന്നതിലേക്കായി കൈമാറിയിട്ടുണ്ട്.<br><br>റോഡ് ഫോർമേഷൻ പൂർത്തിയാക്കിയ ഇനത്തിൽ 2,52,586.63/- രൂപയുടെ പാർട്ട് ബിൽ കരാറുകാരന് നൽകിയിട്ടുണ്ട്.<br><br>**<u>പരിഹരിക്കേണ്ട വിഷയം</u>**<br><br>പാതയുടെ വിവിധ ലെയറുകളിൽ Design thickness (GSB, WMM, DBM BC) പ്രകാരമുള്ള കനം കുറക്കുന്നതിന് ചീഫ് ടെക്നിക്കൽ എക്സാമിനർ നിർദേശിച്ചിട്ടുണ്ട്. റവന്യൂ അധികാരികളിൽ നിന്നും ലഭിച്ച അറിയിപ്പ് പ്രകാരം എൽ.എ. നോട്ടിഫിക്കേഷൻ കാലാവധി അവസാനിച്ചു. ഭൂമി ഏറ്റെടുക്കുന്നതിന് പുതുതായി എൽ.എ. നോട്ടിഫിക്കേഷൻ ആവശ്യമാണ്.<br><br>**<u>അവലോകന യോഗങ്ങൾ</u>**<br><br>നിലമ്പൂർ ബൈപ്പാസുമായി ബന്ധപ്പെട്ട വിഷയം 26.11.2021 തീയ്യതിയിൽ നടന്ന ഡി.ഐ.സി.സി.യിലും ഡി.ഡി.സി-യിലും ചർച്ച ചെയ്തിരുന്നു. ഇതുമായി ബന്ധപ്പെട്ട് മുൻ സർക്കാരിന്റെ കാലത്ത് ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയുടെ ചേംബറിൽ 28.11.2018 തീയ്യതിയിലും, ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 19.11.2019 ലും അവലോകന യോഗങ്ങൾ നടത്തിയിരുന്നു. |
| (ബി) | 2022 - 23 ലേക്കുള്ള വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, വാല്യം I ഭരണാനുമതിയുള്ള മരാമത്തുപണികൾ, പേജ് നമ്പർ 290, ക്രമ നമ്പർ 25 ആയി നിലമ്പൂർ ബൈപ്പാസ് നിർമ്മാണത്തിന് എത്ര രൂപയാണ് എസ്റ്റിമേറ്റ് ചെയ്തിരിക്കുന്നതെന്നും ഏതെല്ലാം ഇനങ്ങളിലാണ് മേൽ തുക ചെലവഴിക്കാനാവുകയെന്നും അറിയിക്കാമോ; | (ബി) | 2022-23ലേക്കുള്ള വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം 2, വാല്യം-1, പേജ് നമ്പർ 290, ക്രമ നമ്പർ 25 പ്രകാരം നിലമ്പൂർ ബൈപ്പാസ് നിർമ്മാണത്തിന് ബഡ്ജറ്റിൽ 26,04,22,000/- രൂപ വകയിരുത്തിയിരുന്നു. പുതുക്കിയ ഭരണാനുമതി പ്രകാരം 140,43,02,265/- രൂപ ചെലവഴിക്കാനാവുന്നത് സംബന്ധിച്ച് വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. |
| (സി) | നിലമ്പൂർ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി വിട്ടുനൽകിയവർക്ക് നാളിതുവരെ എത്ര തുകയാണ് നഷ്ടപരിഹാരത്തുകയായി നൽകിയിട്ടുള്ളതെന്നും എത്ര കിലോമീറ്റർ ദൂരത്തിലുള്ള സ്ഥലമാണ് ഈ തുക ഉപയോഗിച്ച് ഏറ്റെടുത്തതെന്നും അറിയിക്കാമോ; നിലമ്പൂർ ബൈപ്പാസ് ആകെ എത്ര കിലോമീറ്റർ ദൂരമാണ് ഉള്ളതെന്നും ഇനിയും എത്ര കിലോമീറ്റർ ദൂരം നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാനുണ്ടെന്നും | (സി) | നിലമ്പൂർ ബൈപ്പാസ് നിർമ്മാണ വുമായി ബന്ധപ്പെട്ട് ഭൂമി വിട്ടു നൽകുവാൻ നാളിതു വരെയായി 35.20 കോടി രൂപ നഷ്ടപരിഹാര തുകയായി നൽകിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് 2.46 കി.മീ. ദൂരം ഏറ്റെടുത്തിട്ടുണ്ട്. 6.00 കി.മീ. നീളമാണ് നിലമ്പൂർ ബൈപ്പാസിന് ആകെയുള്ള നീളം. ഇതിൽ 3.54 കി.മീ. ദൂരം ആണ് ഇനി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാനുള്ളത്. ആയതിന് ഏകദേശം 74 കോടിയോളം രൂപ ആവശ്യമുണ്ട്. |

| | | | |
|---|---|---|---|
| | ആയതിന് ഏകദേശം എത്ര തുക വേണ്ടി വരുമെന്നും അറിയിക്കാമോ; | | |
| (ഡി) | നിലമ്പൂർ ബൈപ്പാസിനു വേണ്ടി ഭൂമി വിട്ടുനൽകേണ്ടവർക്ക് ലഭ്യമാക്കേണ്ട നഷ്ടപരിഹാരത്തുക 2013 - ൽ കണക്കാക്കിയിരുന്നത് എത്രയെന്നും കാലവിളംബം നേരിട്ടതിനാൽ ഇപ്പോൾ നൽകേണ്ട നഷ്ടപരിഹാരത്തുക എത്രയെന്നും വ്യക്തമാക്കാമോ; ഓരോ വർഷവും ഈ ഇനത്തിൽ കണക്കാക്കുന്ന വർദ്ധനവ് എത്രയെന്നും തുക വർദ്ധിച്ചതിന്റെ കാരണവും വിശദമാക്കാമോ? | (ഡി) | നിലമ്പൂർ ബൈപ്പാസിനു വേണ്ടി ഭൂമി വിട്ടു നൽകുന്നതിന് 2013ൽ കണക്കാക്കി യിരുന്നത് 35 കോടി രൂപയാണ്. നിലവിൽ നൽകേണ്ട നഷ്ടപരിഹാര തുക 74 കോടി രൂപയാണ്. ഓരോ വർഷവും 12% ത്തോളം രൂപ പലിശ വർദ്ധിക്കുന്നതും ഭൂമിക്കും ഭൂമിയിലെ നിർമ്മിതികൾക്കും വില വർദ്ധി ക്കുന്നതുമാണ് നഷ്ടപരിഹാര തുക വർദ്ധിക്കാൻ ഇടയാക്കിയത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം – 1

## സർക്കാർ ഉത്തരവുകൾ

| ക്രമ നമ്പർ | ഉത്തരവ് നമ്പർ | വർഷം | തുക |
|---|---|---|---|
| 01 | സ.ഉ.(സാധാ)നം.1216/2013/പൊ.മ.വ, തീയതി : 10.09.2013 | 2013 | 35 കോടി |
| 02 | സ.ഉ (സാധാ)നം. 1568/2016/ പൊ.മ.വ, തീയതി : 15.11.2016 | 2016 | 1.20 കോടി |
| 03 | സ.ഉ (സാധാ)നം .1177/2018/ പൊ.മ.വ തീയതി : 30.07.2018 | 2018 | 10 കോടി |
| 04 | സ.ഉ(സാധാ)നം.1979/2018/ധന തീയതി : 22.12.2018 | 2018 | 40 കോടി |
| 05 | സ.ഉ(സാധാ)നം.90/2021/പൊ.മ.വ തീയതി : 21.01.2021 | 2021 | 140,43,02,265 |

## അനുബന്ധം -2

**ഒന്നാം ഘട്ടം:-**

| | |
|---|---|
| (1) ലാന്റ് അക്വിസിഷൻ പ്രോസസ് (ഭൂമി ഉൾപ്പെടാതെ) | 52,265 രൂപ |
| (2) അക്വയർ ചെയ്ത ഭൂമിയുടെ വില - | 35.20 കോടി |
| (3) അക്വയർ ചെയ്യാനുള്ള ഭൂമിക്ക് നിശ്ചയിച്ച തുക - | 33.365 കോടി |
| (4) നിർമ്മിതികൾക്കുള്ള വാല്യുവേഷൻ | 0.785 കോടി |
| (5) ബൈപ്പാസ് നിർമ്മാണം | 21.71 കോടി |
| ആകെ | 91.06 കോടി രൂപ |

**രണ്ടാം ഘട്ടം**

| | |
|---|---|
| (1) ഭൂമിയുടെ വില | 28.08 കോടി |
| (2) നിർമ്മിതികൾക്കുള്ള വില | 1.422 കോടി |
| (3) ബൈപ്പാസ് നിർമ്മാണം | 12.492 കോടി |
| ആകെ | 41.982 കോടി രൂപ |

| | |
|---|---|
| യൂട്ടിലിറ്റി ഷിഫ്റ്റിംഗ് | 7.383 കോടി |
| | ------------ |
| | 140,43,02,265/- |
| | ============== |

-